ഉത്തരം

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 3710 ചെറുകിട പദ്ധതികളും രണ്ടാംഘട്ടത്തിൽ ഇതുവരെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 145 പദ്ധതികളും പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്.

(ബി) ജലനിധി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായിവരുന്ന തുക ഗുണഭോക്താക്കളിൽനിന്നും പിരിച്ചെടുത്താണ് സമിതികൾ, ജലവിതരണം നടത്തിവരുന്നത്. ജലനിധി II പദ്ധതിപ്രകാരം, ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ, കേരള വാട്ടർ അതോറിറ്റി പദ്ധതികളിൽനിന്ന് ബൾക്ക് സപ്ലൈയായി ജലം വാങ്ങി വിതരണം നടത്തുന്ന പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല പ്രസ്തുത പഞ്ചായത്തിലെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതാണ്. കൈമാറിക്കഴിഞ്ഞാൽ 5 മാസം വരെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയാണ് ചെയ്യേണ്ടത്.

(സി) ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

കൂട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പുറം ബണ്ട് നിർമ്മാണം

195 (860) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൂട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മംഗലം, മാണിക്യമംഗലം, രാജരാമപുരം, മാർത്താണ്ഡം എന്നീ കായൽ പാടശേഖരങ്ങളിലെ പുറം ബണ്ട് നിർമ്മാണത്തിന് നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൂട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മംഗലം, മാണിക്യമംഗലം, രാജരാമപുരം, മാർത്താണ്ഡം എന്നീ കായൽ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണത്തിനായുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു

കൊളക്കാട് -കൊടിച്ചിപ്പാറ- നീർപ്പാലം

196 (861) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ നിർമ്മിച്ച കൊളക്കാട്-കൊടിച്ചിപ്പാറയിൽ നീർപ്പാലം-കൊളക്കാട്-മൂന്നാർ കയ്യിൽ-ചീക്കിലോട് റോഡിന് കുറുകെ ആയതിനാൽ ഗതാഗത തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അക്വാഡക്ട് പൊളിച്ചുമാറ്റി പുതുക്കി പണിയുന്നതിന് ജലസേചന വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ തുകയെത്ര ; പുതിയ അക്വാഡക്ട് നിർമ്മിക്കാനുള്ള ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചെറുവാഹനങ്ങൾ ഓടുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളത്. ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

വെള്ളക്കരം

197 (862) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം എത്ര തവണ കൂട്ടി ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വീടുകളിലേക്കുള്ള കുടിവെള്ളത്തിന് ഏത് അളവിന്, ഏതു നിരക്കിൽ, എത്ര രൂപയാണ് ഈടാക്കുന്നത് ; കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയിൽ നിരക്ക് വ്യത്യാസം ഉണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിവെള്ള ചാർജ്ജ് ഒരു തവണകൂട്ടി. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly